**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2038** **16-03-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് ഡിപ്പാർട്ട്മെന്റിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | null<br>(മുഖ്യമന്ത്രി) | |
| (എ) | ആശ്രിത നിയമനം ലഭിക്കാൻ അപേക്ഷ നൽകിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം വിശദമാക്കാമോ; | (എ) | പോലീസ് വകുപ്പിൽ നിലവിൽ 507 പേർ ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പോലിസ് ഡിപ്പാർട്ട്മെന്റിൽ ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പോലീസ് വകുപ്പിൽ ക്ലർക്ക് തസ്തികയിലേയ്ക്കുള്ള ആശ്രിത നിയമനത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപേക്ഷകരുടെ നിയമനം വേഗത്തിലാക്കുന്നതിനായി പൊതുഭരണ വകുപ്പ മുഖേന അദാലത്തുകൾ സംഘടിപ്പിച്ച്, മറ്റ് വകുപ്പുകളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള തസ്തികകളിൽ യോഗ്യരായവർക്ക് തസ്തികമാറ്റത്തിന് അവസരം നൽകിവരുന്നുണ്ട്. |
| (സി) | ആശ്രിത നിയമനത്തിലെ കാലതാമസം പരിഹരിക്കുന്നതിനായി കോമൺ ലിസ്റ്റിൽ നിന്ന് ആശ്രിത നിയമനം നടത്തുന്ന കാര്യം പരിഗണിക്കുമോ? | (സി) | ആശ്രിത നിയമന പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവരുടെ ക്രമീകരണം പൂർത്തിയാകുന്ന മുറയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് കോമൺ ലിസ്റ്റിൽ നിന്നും ആശ്രിത നിയമനം നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ